# ഞങ്ങളുടെ ജീവനോപാധികൾ തിരിച്ചുനല്കുക

**കേന്ദ്ര ടൂറിസം/സാംസ്കാരിക വകുപ്പ് മന്ത്രി അംബിക സോണിക്ക് 'ടൂറിസം സ്ത്രീകൾക്കുവേണ്ടി വാതിലുകൾ തുറക്കുന്നു' എന്ന ആശയത്തോട് വിയോജിച്ചുകൊണ്ട് മാഗ്ലിൻ പീറ്റർ എഴുതിയ കത്ത്. പരിഭാഷ : അരുൺ ടി.വി.**



2007 സെപ്തംബർ 27ന് നടന്ന ലോക ടൂറിസം ദിനത്തിന്റെ ആശയമായിരുന്ന 'ടൂറിസം സ്ത്രീകൾക്കുവേണ്ടി വാതിലുകൾ തുറക്കുന്നു' എന്നതിനെക്കുറിച്ച് കേന്ദ്ര ടൂറിസം വകുപ്പിന്റെയും സർക്കാരിന്റെയും ഇതര ഏജൻസികളുടെയും സഹകരണത്തോടെ നടന്നുവരുന്ന ഏകപക്ഷീയമായ ചർച്ചകളിലും ആലോചനകളിലും ഞങ്ങൾ സ്ത്രീകൾ തൊഴിൽ സംഘടനകൾക്ക് വളരെ ഉത്കണ്ഠയുണ്ട്.

സ്ത്രീകളെ പ്രത്യേകിച്ചും പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലുള്ളവരെ പീഡിപ്പിക്കാൻ സാദ്ധ്യതയുള്ള ഒന്നാണ് ടൂറിസം എന്നിരിക്കേ യുണൈറ്റഡ് നേഷൻസ് ടൂറിസം ഓർഗനൈസേഷൻസ് പോലെയുള്ള അന്താരാഷ്ട്ര ഏജൻസികൾ ഈ ആശയത്തെ വളരെ സജീവമായിത്തന്നെ പ്രോത്സാഹിപ്പിക്കുകയാണ്.

ലൈംഗിക ചൂഷണങ്ങളെ തടയാൻ ടൂറിസത്തിന് വേണ്ടിയുള്ള തങ്ങളുടെ ആഗോള ധാർമ്മികമൂല്യങ്ങളെ ഉപയോഗിക്കും എന്നുറപ്പ് നൽകുന്നുണ്ടെങ്കിലും ടൂറിസം വികസനം ചില പ്രത്യേക വിഭാഗത്തിൽപ്പെടുന്ന സ്ത്രീകളുടെ ജീവിതത്തെ വളരെ സാരമായ രീതിയിൽ ബാധിക്കുന്നതായാണ് ഇതിന് മുമ്പുള്ള പല അനുഭവങ്ങളും. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളായ മുക്കുവർ, ആദിവാസികൾ, ദളിതർ എന്നിവരുടെ ഇടയിൽ ഇത് ഇതിലും മോശമാണ്. കേരളത്തിൽ വികസനത്തിനും വളർച്ചക്കുമുള്ള ഒരുപാധിയായി ടൂറിസത്തെ പ്രോത്സാഹിപ്പിക്കുവാൻ സുസ്ഥിരമല്ലാത്തതും ആസൂത്രിതമല്ലാത്തതുമായ ഒരു ടൂറിസം വികസനത്തിന്റെ പ്രശ്നങ്ങൾ മുഴുവൻ അനുഭവിക്കേണ്ടിവരുന്നത് ഇവിടത്തെ ദരിദ്രരായ ആദിവാസികളാണ്.

കേരളത്തിലെ പ്രധാനപ്പെട്ട ഒരു ടൂറിസം കേന്ദ്രമായ കോവളത്ത് പഴക്കച്ചവടം ചെയ്യുന്ന സ്ത്രീകളിൽ അധികവും മുക്കുവ സമുദായത്തിൽ നിന്നുള്ളവരാണ്. ഇവർക്ക് അധികാരികളിൽനിന്നും ഹോട്ടലുകളിൽ നിന്നും നിരവധി പീഡനങ്ങൾ സഹിക്കേണ്ടതായി വരുന്നുണ്ട്. ഈ പാവങ്ങളെ ശല്യമായി കണക്കാക്കി ധാരാളം കള്ളക്കേസുകളിൽ പ്രതികളാക്കുകയാണിവർ. ടൂറിസം വികസനം തങ്ങളുടെ ജീവിതവും ജീവനോപാധികളും നഷ്ടപ്പെടുത്തി എന്നാണ് ഈ വിഭാഗങ്ങൾ പറയുന്നത്.

കെട്ടുവള്ളങ്ങളും റിസോർട്ടുകളും വെള്ളം മലിനമാക്കി കായൽത്തീരങ്ങളിലുള്ള മുക്കുവരുടെയും കർഷകരുടെയും ജീവിതം നശിപ്പിച്ചിരിക്കുകയാണ്. ടൂറിസ്റ്റുകളുടെ കായൽ തീരങ്ങളിലൂടെയുള്ള സഞ്ചാരവും ഫോട്ടോ എടുക്കലും ഈ പ്രദേശങ്ങളിലുള്ള സ്ത്രീകളുടെ സ്വകാര്യതയെ നശിപ്പിക്കുന്ന രീതിയിലുള്ളതാണ്.

സുനാമിക്ക് ശേഷം തീരപ്രദേശങ്ങളിലുള്ള സമുദായക്കാർ പ്രകടമായിത്തന്നെ ടൂറിസം വികസനത്തിനെതിരെ തിരിഞ്ഞു. സർക്കാർ ഇവിടെയെല്ലാം രണ്ട് നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. തീരപ്രദേശവുമായി ബന്ധപ്പെട്ട് രൂപം നൽകിയിരിക്കുന്ന എല്ലാ പുതിയ നയങ്ങളും വ്യവസായങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ളതാണ്. പരിസ്ഥിതി, വനം മന്ത്രാലയങ്ങൾ സംയുക്തമായി തയ്യാറാക്കിയിരിക്കുന്ന തീരദേശ മാനേജ്മെന്റ് പദ്ധതികളുടെ രൂപരേഖയിൽനിന്നും തീരദേശങ്ങളിലെ ടൂറിസം പദ്ധതികളെ ഒഴിവാക്കിയിരിക്കുന്നത് ഇതിന് ഏറ്റവും നല്ല തെളിവാണ്. ടൂറിസം പദ്ധതികൾക്കായുള്ള അതിർത്തി തിരിക്കൽ മത്സ്യത്തൊഴിലാളികളുടെ സാമ്പ്രദായികമായ കടൽ, തീരം എന്നീ സങ്കല്പങ്ങളെ തകർക്കുന്നതാണ്. ഹോട്ടലുകളും ടൂറിസം ലോബികളും കടൽതീരങ്ങൾ കയ്യേറുമ്പോൾ മുക്കുവസ്ത്രീകൾക്ക് നഷ്ടപ്പെടുന്നത് മത്സ്യം ഉണക്കാനും വല നന്നാക്കാനും അവരുടെ ചെറുത്തുനിൽപ്പിന് സഹായകമായ പല സ്ഥലങ്ങളുമാണ്.

വിനോദ വ്യവസായങ്ങളുടെയും ടൂറിസത്തിന്റെയും വികസനം വഴി നേരിടേണ്ടി വരുന്ന ഏറ്റവും വലിയ ഭീഷണി തദ്ദേശവാസികളായ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമങ്ങളും വേശ്യാവൃത്തിയുമാണ്. തീരദേശങ്ങളിൽ ഹോട്ടലുകളും റിസോർട്ടുകളും മുളച്ചുപൊന്തുന്നത് സെക്സ് ടൂറിസത്തിന്റെയും എയ്ഡ്സിന്റെയും വ്യാപനത്തിന് കാരണമാകുന്നു. സുനാമിക്കു ശേഷം 179 സംഘടനകളുമായി ചേർന്ന് 'ആക്ഷൻ എയ്സ്' പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് പറയുന്നത് ഇന്ത്യയിലെ തീരദേശങ്ങളിലെ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾ സെക്സ് ടൂറിസത്തിലേക്ക് തള്ളിവിടപ്പെടുന്നുവെന്നതാണ്. ഇത് വളരെ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ട ഒരു വിഷയമാണ്.

ടൂറിസം മേഖലയിൽ നിന്നുള്ള വനിതാ തൊഴിൽ സാധ്യതകൾ അധികാര ശ്രേണികളുടെ താഴെത്തട്ടിൽ മാത്രമാണുള്ളത്. അടിച്ചുവാരൽ, ചവ

റുവാരൽ, അലക്ക് തുടങ്ങിയ വൃത്തിയാക്കൽ ജോലികൾ മാത്രമാണ് സ്ത്രീകൾക്ക് വേണ്ടി ഇവിടെ ഇപ്പോഴുള്ളത്. വേൾഡ് ടൂറിസം ഓർഗനൈസേഷനും സർക്കാരും ഈ ഉദാഹരണങ്ങളിൽ നിന്നെല്ലാം അവർ അവകാശപ്പെടുന്നതൊന്നും തന്നെ ടൂറിസം നൽകുന്നില്ല എന്ന് മനസ്സിലാക്കേണ്ടതാണ്.

വിവിധ നയങ്ങളിലൂടെയും വികസന പദ്ധതികളിലൂടെയും ടൂറിസം വികസനം ധാരാളം തൊഴിലവസരങ്ങളും, സ്ത്രീകളുടെ ഉന്നമനവും ലക്ഷ്യംവെയ്ക്കുന്നുവെന്ന് ഉറപ്പ് നൽകുന്നവർ കൂടുതൽ ആഴമേറിയ പഠനത്തിനും ചർച്ചയ്ക്കും തയ്യാറാകേണ്ടതാണ്. സാമ്പത്തിക നേട്ടം മുന്നിൽക്കണ്ട് അതിന്റെ മുഖ്യ അമരക്കാരൻ ടൂറിസത്തെ ഉപയോഗിക്കുന്നതിന് മുൻപ് ഇവിടെയുള്ള സാമൂഹിക ബന്ധങ്ങളിലും, ലിംഗവ്യതിയാന സങ്കൽപ്പങ്ങളിലും, അധികാര ബന്ധങ്ങളിലും ടൂറിസം സ്വാധീനിക്കാനുള്ള സാധ്യതയെപ്പറ്റി വിശദമായൊരു പഠനം നടത്തുന്നത് നന്നായിരിക്കും. തിരഞ്ഞെടുത്ത വിഭാഗങ്ങളെ സഹായിക്കുന്നുണ്ടെങ്കിലും പ്രാന്തവത്കരിക്കപ്പെട്ട മറ്റൊരു വിഭാഗത്തിനുവേണ്ടി ഒന്നും ചെയ്യുന്നില്ല എന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ലോകടൂറിസം ദിനത്തിലെ ഈ ആശയത്തെ ഐക്യരാഷ്ട്ര സംഘടനയുടെ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങ (Millenium Development Goals) ളുമായി ചേർത്ത് ദരിദ്ര നിർമ്മാർജ്ജനത്തിന് വേണ്ടി ടൂറിസം വികസനത്തിനെ ഉപയോഗിക്കാനുള്ള അവസരമാണ് UNWTO യ്ക്കും വ്യവസായ ലോബികൾക്കും വന്ന് ചേർന്നിരിക്കുന്നത്. എന്നാൽ ഇതിന്റെ ചർച്ചകൾ ഏകപക്ഷിയവും വനിത സംഘടനകളുടെയും പൗരാവകാശ സംഘടനകളുടെയും എതിർപ്പ് വകവയ്ക്കാത്തതുമായിരുന്നു. തങ്ങൾ ഒരു പ്രത്യേക വിഭാഗത്തിന് വേണ്ടി മാത്രമുള്ള സംഘടനയല്ലെന്നും എല്ലാ ജനവിഭാഗങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ ചുമതലപ്പെട്ടിരിക്കുന്ന ഐക്യരാഷ്ട്ര സംഘടനയുടെ ഒരു ഏജൻസിയാണെന്നും UNWTO ഓർക്കേണ്ടതാണ്.

2007 സെപ്തംബർ 27–ാം തിയ്യതി ടൂറിസം ദിനത്തിൽ രൂപം നൽകിയിരിക്കുന്ന ആഘോഷ പദ്ധതികളെ ഞങ്ങൾ ശക്തമായി എതിർക്കുന്നു.

തീരപ്രദേശങ്ങൾ പിടിച്ചെടുക്കുന്നത് നിർത്തണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ഞങ്ങൾ ആവശ്യപ്പെടുന്നു.

സെക്സ് ടൂറിസത്തെ ശക്തമായി എതിർക്കുന്നതോടൊപ്പം അത് നിർത്തലാക്കാനുള്ള നിടപടികൾ സ്വീകരിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

ടൂറിസം വികസനം ഇവിടുത്തെ പരമ്പരാഗത സമുദായങ്ങളെ സാംസ്കാരികമായി ബാധിക്കുന്നതിനെയെന്ന് എത്രയും വേഗം തിരിച്ചറിയണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ടൂറിസം വികസനം മൂലം ഭൂമി നഷ്ടപ്പെട്ടവരെ എത്രയും വേഗം പുനരധിവസിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ടൂറിസം മൂലം പരിപാടിയിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

● **നിലപാട്** ടൂറിസത്തോടുള്ള വിമർശനങ്ങളോട് ഒരു ടൂറിസം വ്യവസായിയുടെ പ്രതികരണം

# ടൂറിസം മാഫിയ പ്രവർത്തനമല്ല

കെ.എ. സമദ്

**കേരളത്തിന്റെ** സാമ്പത്തികവും, സാമൂഹികവും സാംസ്കാരികവുമായ വികസനത്തിന് ഉചിതമായ രീതിയിൽ നമ്മുടെ ഭൂമിശാസ്ത്ര ഘടകങ്ങൾ കണക്കിലെടുത്ത് നടത്താവുന്ന ഏക വികസന പദ്ധതിയാണ് ടൂറിസം. വിവിധ സംസ്കാരങ്ങളുമായി ഇടപഴ. ാനുള്ള മനുഷ്യന്റെ ആഗ്രഹത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പല സംസ്കാരങ്ങളുമായി ഈ വിധം ഇടപഴകിയുണ്ടായതാണ് നാം ഇന്നു കാണുന്ന സാംസ്കാരിക അന്തരീക്ഷം. വിദേശ ടൂറിസ്റ്റുകളുടെ വരവ് കേരളത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രാദേശിക ജനവിഭാഗങ്ങളിൽ നിരവധി സാമൂഹിക മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ടൂറിസം വ്യവസായം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണെന്നും ടൂറിസം അനുബന്ധ മേഖലകളെല്ലാം റിസോർട്ട് മാഫിയകൾ കൈയടക്കിക്കൊണ്ടിരിക്കുകയാണെന്നും പറയുന്നത് പൂർണ്ണമായും ശരിയല്ല. വസ്തുതകൾ വ്യക്തമായി അന്വേഷിക്കാതെയാണ് പലപ്പോഴും ചിലർ അഭിപ്രായങ്ങൾ പറയുന്നത്. കേരളത്തിന്റെ മറ്റെല്ലാ വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ



പണത്തിന്റെ നല്ലൊരു പങ്ക് ടൂറിസം മേഖലയ്ക്ക് ഇപ്പോൾ നൽകാൻ കഴിയുന്നുണ്ട്. ഇതിന് പല റിസോർട്ടുകളും പ്രശംസനീയമായ പിന്തുണ നൽകിയിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം പറയുന്നതുപോലെ പ്രാദേശിക സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ഉന്നമനം ലക്ഷ്യം വച്ചാണ് നാളുകളേറെയായി ഞങ്ങൾ പ്രവർത്തിച്ചുവരുന്നത്. ഞങ്ങളുടെ റിസോർട്ട് സ്ഥിതിചെയ്യുന്ന മൂന്നാറിലെ പോതമേട്ടിൽ അടുത്തകാലത്തായി ഉണ്ടായ ഈ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഉന്നതികൾ ഒറ്റനോട്ടത്തിൽ ആർക്കും മനസ്സിലാക്കാം. ഞങ്ങളുടേതുൾപ്പെടുന്ന പോതമേട്ടിലെ റിസോർട്ടുകളിലെത്തുന്ന ടൂറിസ്റ്റുകൾ സാധനങ്ങൾ വാങ്ങുന്നതിനും മറ്റുമായി പ്രാദേശികമായി പണം വിനിയോഗം ചെയ്യുന്നതിനാൽ പോതമേട്ടുകാരുടെ സാമ്പത്തിക നിലവാരം ഉയർന്നിട്ടുണ്ട്. റിസോർട്ടുകൾക്ക് പുറത്തും ചില വികസന പ്രവർത്തനങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്. ടൂറിസം അനുബന്ധമായി പല തദ്ദേശീയർക്കും തൊഴിൽ ലഭിച്ചതുകൊണ്ടും ടൂറിസ്റ്റുകളുടെ നിരന്തരമായ സാന്നിധ്യംകൊണ്ടും പ്രദേശത്ത് സാമൂഹികമായ ഉന്നമനം ഉണ്ടായിട്ടുണ്ട്. ചാരായംവാറ്റുപോലെയുള്ള അസാന്മാർഗ്ഗിക പ്രവർത്തനങ്ങൾക്ക് കാര്യമായ കുറവ് വന്നിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് സുഗമമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി പരിസ്ഥിതിയെ സംരക്ഷിക്കുന്ന പല പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളും ഞങ്ങൾ പോതമേട്ടിൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഉത്തരവാദിത്തമുള്ള ടൂറിസം പ്രവർത്തനങ്ങൾ പലരും കേരളത്തിൽ നടത്തുന്നുണ്ട്. എല്ലാവരെയും ഒരേ സ്വരത്തിൽ റിസോർട്ട് മാഫിയ എന്നും ഭൂമി കയ്യേറ്റക്കാരെന്നും ടൂറിസം ലോബികളെന്നും വിളിച്ചാക്ഷേപിക്കരുത്.